# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

### 2025 ജൂലൈ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.

2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.

3. **ആമുഖം :**

യുവത്വം ജീവിതത്തിലെ ഏറ്റവും മനോഹരവും, ഒപ്പം അവ്യക്തതകളുടെയും സംശയങ്ങളുടെയും കാലമാണ്. ഭാവിയുടെ ദിശ കണ്ടെത്താൻ യുവജനങ്ങളുടെ ഉള്ളിൽ അനവധി ചോദ്യങ്ങളാണ് ഉയരുന്നത്. എന്ത് പഠിക്കണം ? ഏത് ദിശയിലാണ് പേകേണ്ടത് ? ആരെ അനുകരിക്കണം ? ഇങ്ങനെ തുടങ്ങി ആശങ്കകൾക്കും സ്വപ്നങ്ങൾ ക്കുമിടയിൽ കുഴങ്ങി നില്ക്കുന്ന ഒരാളായി യുവാവിന്റെ ഹൃദയം മാറുന്നു. ഈ അവ്യക്തതകൾക്കിടയിലും സത്യം കണ്ടെത്താനും ദിശയറിയാനും ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകുവാൻ യുവത്വം നമ്മെ ക്ഷണിക്കുന്നു. യുവത്വം ദൈവത്തിന്റെ ഏറ്റവും മനോഹരമായ ഒരു അനുഗ്രഹമാണ്. വിശുദ്ധ ബൈബിൾ നമ്മോട് ഓർമ്മിപ്പിക്കുന്നു; യൗവന കാലത്ത് സൃഷ്ടാവിനെ സ്മരിക്കുക (സഭപ്രസംഗകൻ 12:1). ദാവീദ് രാജാവിന്റെ സങ്കീർത്തനത്തിൽ പറയുന്നു. നിന്റെ യൗവനം പോലെ നിന്റെ ആത്മാവ് പുതുമയിൽ തിളങ്ങട്ടെ (സങ്കീ 103:5). ദൈവം യുവജനങ്ങളെ വിശുദ്ധിയിലേക്കും സ്നേഹത്തിലേക്കും

വിളിക്കുന്നു. ഓരോ യുവാവും യുവതിയും അവരുടെ വിദ്യാഭ്യാസത്തിലും തൊഴിൽ ജീവിതത്തിലും സമൂഹത്തിലും ക്രിസ്തുവിന്റെ പ്രകാശമായി തിളങ്ങേണ്ടവരാണ്. വിശുദ്ധ ആഗസ്തീനോസ് ഓർമ്മിപ്പിക്കുന്നു : ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നാണ് സത്യസന്ധമായ സന്തോഷം ജനിക്കുന്നത്.

ദൈവം ഇല്ലാത്ത ഹൃദയം ശൂന്യവും അസ്ഥിരവുമാണെന്നും പോപ്പ് ഫ്രാൻസീസ് യുവജന സന്ദേശത്തിൽ പറഞ്ഞ വാക്കുകളാണ് ഹൃദയത്തിൽ പതിയേണ്ടതാണ്. യുവത്വം ഉറങ്ങാനുള്ള സമയമല്ല, ഉണർന്ന് സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനും ദൈവം നിങ്ങളെ വിളിക്കുന്നു എന്ന വിശ്വാസത്തിൽ ഉറച്ച് , പ്രാർത്ഥനയിൽ ആഴപ്പെടണം. വിശുദ്ധ ബൈബിൾ ജീവിത്തിന്റെ ദിശാനക്ഷത്രമാക്കേണ്ടതാണ്. സ്നേഹത്തിലും വിശ്വാസത്തിലും പരിശുദ്ധിയിലും മുന്നോട്ട് പോവണം. വിശുദ്ധ പൗലോസ് ശിഷ്യന്മാരോട് ആഹ്വാനം ചെയ്യും പോലെ : വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്കു മാതൃകയായിരിക്കുക (1 തിമോ 4:12) , യുവജനങ്ങൾ എന്നും ദൈവത്തിന്റെ മഹത്വം ലോകം അറിയപ്പെടുന്ന ദീപങ്ങളുമാണ്. ഈ പ്രാർത്ഥന സംഗമത്തിൽ നമുക്ക് നമ്മുടെ യുവജനങ്ങൾക്കായി പ്രത്യേകമായി പ്രാർത്ഥിക്കാം. ദൈവത്തിൽ ഉറച്ചവിശ്വാസത്തോടെയും പരിശുദ്ധിയോടും മുന്നോട്ട് പോകുവാൻ അവർക്ക് കരുത്ത് നല്കണമെന്ന് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''**യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ**''എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 119 : 116**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.

*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : വി.മത്തായി 19: 1622**

8. **വചനവിചിന്തനം :-**

വി.മത്തായി 19: 1622-ൽ കാണുന്ന ധനികനായ യുവാവിന്റെ കഥ, ഇന്ന് ഓരോ യുവജനത്തിന്റെയും ആത്മാവിൽ സ്പർശിക്കുന്ന ശക്തമായ സന്ദേശമാണ്. ആകാംക്ഷയോടെ ആ യുവാവ് യേശുവിനേട് ചോദിക്കുന്നു; നിത്യജീവൻ നേടാൻ ഞാൻ എന്തു ചെയ്യണം. യേശു പറയുന്ന മറുപടി വളരെയധികം ശ്രദ്ധേയമാണ്; യേശു

പറഞ്ഞു: നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ , പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും, പിന്നെ വന്ന് എന്നെ അനുഗമിക്കുക. വി. മത്തായി 19:21-ൽ സങ്കടത്തോടുകൂടി തിരികെ നടക്കുന്ന യുവാവിനെയാണ് ബൈബിൾ നമുക്ക് കാണിച്ചു തരിക. യൗവനം സാധ്യതകളുടെയും സ്വപ്നങ്ങളുടെയും ഉത്സാഹത്തിന്റെയും ദിവ്യകാലമാണെങ്കിലും അതിനൊപ്പം തന്നെ തെറ്റായ ദിശയിലേക്കുള്ള പാതകളും ഈ കാലഘട്ടത്തിൽ നിരവധിയാണ്. ആധുനിക മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, ലഹരി മരുന്നുകൾ, താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള ജീവിതരീതികൾ, ഇവ

യുവജനങ്ങളുടെ ദിശ തെറ്റിക്കുന്ന വലിയ അപകടങ്ങളാണ്. സുവിശേഷത്തിൽ നാം ദർശിച്ച ധനികനായ യുവാവിനെപ്പോലെ പലപ്പോഴും യുവത്വം സത്യം അറിയാൻ ആഗ്രഹിക്കുമ്പോൾ ഭൂതല ആഗ്രഹങ്ങൾ ഉപേക്ഷിക്കാനുള്ള ധൈര്യത്തിൽ പലപ്പോഴും തളർന്നു പോകുന്നു. സമൂഹത്തിന്റെ പുതുവെളിച്ചമാണ് യുവജനങ്ങൾ. ഫ്രാൻസീസ് പാപ്പ നിരന്തരം ഓർമ്മിപ്പിച്ചിരുന്നതുപോലെ, യുവജനങ്ങളെ നിങ്ങൾ സോഷ്യൽ മീഡിയയിൽ മാത്രം സജീവമാകരുത്, ക്രിസ്തുവിന്റെ സ്നേഹത്തിൽ സജീവരാവുക. സഭയും സമൂഹവും നവീകരിക്കാനുള്ള പ്രധാന പങ്ക് നിക്ഷിപ്തമായിരിക്കുന്നത് യുവജനങ്ങളിലാണ്. അവർക്ക് കൃത്യമായ ദിശകാണിക്കേണ്ടതും വഴി നടത്തേണ്ടതും മാതാപിതാക്കളും അധ്യാപകരും മുതിർന്നവരുമാണ്. ആധുനിക കാലഘട്ടത്തിലെ യുവജനങ്ങളിൽ പലരും ജീവിക്കുക സമ്മിശ്ര വികാരങ്ങളോടു കൂടിയാണ്. ഓരോ തീരുമാനവും ഓരോ സന്ദേശവും ഓരോ സ്വപ്നവും അവരുടെ ജീവിതത്തിൽ വഴിത്തിരിവാകുന്നു. വരും വർഷത്തിൽ സ്വപ്നങ്ങളുടെ ആകാശം, മറുവശത്ത് ലോകത്തിന്റെ മോഹങ്ങളും സ്വാധീനവും, ലഹരി മരുന്നും, അശ്ലീല മാധ്യമങ്ങൾ, അനാവശ്യ ബന്ധങ്ങൾ, സോഷ്യൽ മീഡിയ പ്രചരിപ്പിക്കുന്ന മിഥ്യാ മോഹങ്ങൾ, തൊഴിലില്ലായ്മ ഇവ യുവാക്കളെ ആത്മഹത്യക്ക് ഇരയാക്കുന്നു , ദിശയില്ലായ്മയിലേക്ക് തള്ളുന്നു. അവരിൽ പലരും വ്യസനങ്ങളിലും മാനസിക സമ്മർദ്ധത്തിലും തളർന്നു പോകുന്ന അവസ്ഥയിലാണ്. ഈ ഘട്ടത്തിലാണ് വിശുദ്ധ ബൈബളും സഭയും ഉത്തരവാദിത്വമുള്ള കൂട്ടായ്മകളും യുവജനങ്ങളെ ദൈവത്തിലേക്ക് തിരിക്കാനുള്ള ദൈവവിളിയായി മാറുന്നത്. ഫ്രാൻസീസ് പാപ്പ പലപ്പോഴും യുവജനങ്ങളോടവർത്തിച്ച ചോദ്യം നാമും ചോദിക്കണം, നമ്മുടെ യുവജനങ്ങൾ ശരിയായ പാതയിലാണോ/ ചിലർ വിശ്വാസത്തിന്റെ ഉറപ്പുള്ള പാതയിലൂടെ നടക്കുമ്പോൾ മറ്റുചിലർ ലോകത്തിന്റെ മിഥ്യാ മോഹങ്ങളിൽപ്പെട്ട് തളർന്നവശരാകുന്നു. അതിനാൽ ഓരോ കുടുംബവും സഭയും സമൂഹവും ചേർന്ന് യുവത്വത്തെ കരുതുകയും പ്രാർത്ഥനയിലൂടെ ശക്തിപ്പെടുത്തുകയും

വേണം. ഫ്രാൻസീസ് പാപ്പ ആഗ്രഹിച്ചതുപോലെയുള്ള യുവജനങ്ങളെ നമുക്ക് വാർത്തെടുക്കണം. അദ്ദേഹം പറയും യുവജനങ്ങളെ നിങ്ങളാണ് സഭയുടെ ശബ്ദം, ലോകത്തിലെ പ്രത്യാശയുടെ പ്രകാശം, ലോകത്തിന്റെ നവീകരണത്തിന്റെ ഇടയാളുകൾ.

**ദൗത്യം ഏറ്റെടുക്കൽ**

**1.** കുടുംബയൂണിറ്റിലെ യുവജനങ്ങൾക്ക് തൊഴിൽ ഉണ്ടോ/ വിദ്യ അഭ്യസിക്കുന്നവരാണോ എന്ന് ഉറപ്പുവരുത്തുക.ഉന്നത വിദ്യാഭ്യാസത്തിന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക. സാമ്പത്തിക ബുദ്ധിമുട്ടുള്ളവരെ പഠനത്തിന സഹായിക്കുക.

**2.** കെ.സി.വൈ.എം പോലുള്ള യുവജന സംഘടനയിൽ ചേർന്ന് പ്രവർത്തിക്കാൻ കുടുംബയൂണിറ്റിലെ എല്ല യുവജനങ്ങളെയും പ്രോത്സാഹിപ്പിക്കുക.

**3.** ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും കൃത്യമായി ദിവ്യബലിയിൽ എത്താറുണ്ടോയെന്ന് ഉറപ്പുവരുത്തുക, പ്രോത്സാഹിപ്പിക്കുക.

**4.** ശ്രദ്ധേയമായ നേട്ടം കൈവരിച്ച യുവജനങ്ങളെ അനുമോദിക്കുക.

**9. റിപ്പോർട്ട്**

**10. ഹാജർ**

**11. അടുത്ത യോഗം നിശ്ചയിക്കുക**

**12. ചർച്ച**

**13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :**

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

**15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

**16. സമാപന ഗാനം**